പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 715** | **10.02.2016-ൽ മറുപടിയ്ക്ക്**

ലാബ് ടെക്നീഷ്യൻ തസ്തികകൾ

| ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | സി.എച്ച്.എസ്, റ്റി.എച്ച്.ക്യു. ജനറൽ ജില്ലാ ആശുപത്രികളിൽ ഇവയുടെ നിലവാരമനുസരിച്ച് എത്ര ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികകൾ വീതമാണ് ഓരോ ആശുപത്രികളിലും ഉണ്ടാകേണ്ടത് എന്ന് വ്യക്തമാക്കാമോ; ഇതനുസരിച്ച് പത്തനംതിട്ട ജില്ലയിലെ ഈ വിഭാഗത്തിൽ പ്പെടുന്ന വിവിധ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തിക വീതമാണുള്ളത് എന്ന് ആശുപത്രികളുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ; | എ | ഓരോ ആശുപത്രിയിലെയും കിടക്കകളുടെ എണ്ണം, ഒ.പി, ഐ.പി എന്നിവ കണക്കിലെടുത്ത് അതിന് ആനുപാതികമായാണ് ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ജില്ലാ, ജനറൽ, താലൂക്ക്, സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ തസ്തികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി | 04.02.2014 ൽ പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ബി | 9 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. |
| സി | ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം വഴി ആർക്കെങ്കിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; | സി & ഡി | ആർക്കും സ്ഥലം മാറ്റം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഏതൊക്കെ ആശുപത്രികളിലായി ഇവരെ നിയമിച്ചു എന്നും ആളുകളുടെ പേരും ഇവർ ജോയിൻ ചെയ്ത തീയതിയും സഹിതം വ്യക്തമാക്കാമോ;ജോയിൻ ചെയ്തതിനുശേഷം ഇവരിൽ ആർക്കെങ്കിലും വീണ്ടും സ്ഥലം മാറ്റം നൽകുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക് ; എങ്ങോട്ടാണ് സ്ഥലം മാറ്റം നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| ഡി | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനില്ക്കുമ്പോൾ ഇത്തരം സ്ഥലം മാറ്റം നൽകുന്നത് നിയമ വിരുദ്ധമല്ലേ; | | |
| ഇ | ജില്ലയിൽ കൂടുതൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | ഇ | സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ 667 ലാബ് ടെക്നീഷ്യൻമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**

US-715 10/02/16

## അനുബന്ധം

### ലാബ് ടെക്നീഷ്യൻ-ഗ്രേഡ് II തസ്തികകൾ

| | | |
|---|---|---|
| 1. ജനറൽ ആശുപത്രി, പത്തനംതിട്ട | - | 3 |
| 2. ജനറൽ ആശുപത്രി, അടൂർ | - | 3 |
| 3. ജില്ലാ ആശുപത്രി, കോഴഞ്ചേരി | - | 3 |
| 4. താലൂക്ക് ആശുപത്രി, തിരുവല്ല | - | 2 |
| 5. താലൂക്ക് ആശുപത്രി, റാന്നി | - | 1 |
| 6. താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | - | 1 |
| 7. സി.എച്ച്.സി, കാഞ്ഞീറ്റുകര | - | 2 |
| 8. സി.എച്ച്.സി, റാന്നി, പെരുനാട് | - | 1 |
| 9. സി.എച്ച്.സി, ഇലന്തൂർ | - | 1 |
| 10. താലൂക്ക് ആശുപത്രി, കോന്നി | - | 3 |
| 11. സി.എച്ച്.സി, ചാത്തങ്കരി | - | 1 |
| 12. സി.എച്ച്.സി, കല്ലൂപ്പാറ | - | 1 |
| 13. സി.എച്ച്.സി, തുമ്പമൺ | - | 1 |
| 14. സി.എച്ച്.സി, വല്ലന | - | 1 |
| 15. സി.എച്ച്.സി, വെച്ചൂച്ചിറ | - | 1 |
| 16. സി.എച്ച്.സി, ഏനാദിമംഗലം | - | 1 |
| 17. സി.എച്ച്.സി,എഴുമറ്റൂർ | - | 1 |
| 18. ഡി.വി.സി. യൂണിറ്റ് തുമ്പമൺ | - | 1 |
| 19. ജില്ലാ റ്റി.ബി. സെന്റർ, കോഴഞ്ചേരി | - | 1 |
| മൊത്തം | - | 29 തസ്തികകൾ |

Sd/-
സെക്ഷൻ ഓഫീസർ